ADFACTORS PR
Knowledge-driven communications

| Published Date: | 13 Oct 2018 | Publication: | Veekshanam Daily (Malayalam) |
|---|---|---|---|
| Edition: | Kochi | Page No: | 6 |
| MAV/CCM: | 21252/30.36 | Circulation: | 20000 |

# ടിസിഎസ് ഐടി വിസ് ക്വിസ് 31ന്

കൊച്ചി: പ്രമുഖ ഐടി, കൺസൾട്ടിംഗ് സേവനദാതാക്കളായ ടാറ്റ കൺസൾട്ടൻസി സർവീസസ് സ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന ഇന്ത്യയിലെ ഏറ്റവും വലിയ സാങ്കേതികവിദ്യാ പ്രശ്നോത്തരിയായ ടിസിഎസ് ഐടി വിസ് ക്വിസ് 2018-ന്റെ കൊച്ചി എഡിഷൻ മത്സരങ്ങൾ 31ന് കലൂർ ഗോകുലം പാർക്ക് ഹോട്ടൽ ആൻഡ് കൺവൻഷൻ സെന്ററിൽ നടക്കും.

എട്ടു മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിൽ പഠിക്കുന്നവർക്ക് മത്സരത്തിൽ പങ്കെടുക്കാം. ഓരോ സ്കൂളിൽനിന്നും രണ്ട് പേർ വീതമടങ്ങിയ എട്ട് ടീമുകൾക്ക് വരെ പങ്കെടുക്കാം. പ്രവേശനം സൗജന്യമായിരിക്കും. പങ്കെടുക്കാൻ താത്പര്യമുള്ള സ്കൂളുകൾ 29-ന് മുമ്പായി ടിസിഎസ് ഐടി വിസ് കോർഡിനേറ്റർ, ടാറ്റ കൺസൾട്ടൻസി സർവീസസ്, ടിസിഎസ് സെന്റർ, സെസ് യൂണിറ്റ്, ഇൻഫോപാർക്ക് പിഒ, കൊച്ചി - 682 041 എന്ന വിലാസത്തിൽ എൻട്രികൾ അയക്കണം. www.tcsitwiz.com എന്ന വെബ്സൈറ്റിൽ ഓൺലൈനായും രജിസ്റ്റർ ചെയ്യാം.

പ്രാഥമിക ഘട്ടത്തിലെ എഴുത്ത് പരീക്ഷയിൽ വിജയിക്കുന്ന ആറ് ടീമുകളെ പ്രാദേശിക ഫൈനലിലേക്ക് തെരഞ്ഞെടുക്കും. ഒരേ സ്കൂളിൽനിന്നും ഒന്നിലധികം ടീമുകൾ തെരഞ്ഞെടുക്കപ്പെട്ടാൽ പ്രഥമികഘട്ടത്തിൽ ഏറ്റവുമധികം സ്കോർ നേടുന്ന ടീമിനെയായിരിക്കും ഫൈനലിൽ ഉൾപ്പെടുത്തുക.

കൊച്ചി എഡിഷൻ ഫൈനൽ മത്സരത്തിൽ വിജയിക്കുന്നവർക്ക് നവംബർ 25ന് മുംബൈയിൽ നടക്കുന്ന ദേശീയ ഫൈനൽ മത്സരത്തിൽ പങ്കെടുക്കാം.

കൊച്ചിക്കുപുറമെ അഹമ്മദാബാദ്, ബെംഗളുരു, ഭുവനേശ്വർ, ചെന്നൈ, ഡൽഹി, ഹൈദരാബാദ്, ഇൻഡോർ, കൊൽക്കൊത്ത, മുംബൈ, നാഗ്പൂർ, പൂന എന്നിങ്ങനെ 12 പ്രാദേശിക കേന്ദ്രങ്ങളിൽ കൂടി ടിസിഎസ് ഐടി വിസ് സംഘടിപ്പിക്കുന്നുണ്ട്. കൊച്ചി എഡിഷൻ ഫൈനൽ മത്സരത്തിൽ വിജയിയാകുന്ന ടീമിന് 60,000 രൂപയുടെ സമ്മാന വൗച്ചറുകളും റണ്ണേഴ്സ് അപ്പിന് 40,000 രൂപയുടെ വൗച്ചറുകളും ലഭിക്കും. കൂടാതെ ട്രോഫിയും മെഡലുകളും മറ്റ് സമ്മാനങ്ങളുമുണ്ട്.